**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3054** **10.12.2018-ൽ**
**മറുപടിക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മലയോര ഹൈവേയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ മലയോര ഹൈവേ നിർമ്മിക്കുവാൻ തീരുമാനിക്കുകയും അതിന്റെ അലൈൻമെന്റ് തയ്യാറാക്കാൻ NATPAC-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. NATPAC പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അലൈൻമെന്റ് 06/07/2009 തീയതിയിലെ സ.ഉ(കൈ)നം.44/2009/ പൊ.മ.വ പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. എന്നാൽ കോഴിക്കോട് ജില്ലയിൽ 16/10/2018 തീയതിയിലെ സ.ഉ(സാധാ) നം.39/2018/പൊ.മ.വ പ്രകാരം അലൈൻമെന്റിൽ മാറ്റം വരുത്തിയിരുന്നു. |
| (ബി) എന്ന് മുതൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | തിരുവനന്തപുരം, കൊല്ലം, കാസർഗോഡ് ജില്ലകളിലെ ഓരോ റീച്ചുകളിലായി പദ്ധതി ആരംഭിച്ചു കഴിഞ്ഞു. മലയോര ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് 12 മീറ്റർ വീതിയിലാണ്. Free surrender ആയി സ്ഥലം ലഭ്യമാക്കി പദ്ധതി നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റു റീച്ചുകളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) ഏതെല്ലാം ജില്ലകളിൽക്കൂടിയാണ് പ്രസ്തുത ഹൈവേ കടന്ന് പോകുന്നത് എന്നറിയിക്കാമോ? | (സി) | ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ കൂടി മലയോരഹൈവേ കടന്നു പോകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ